LIBRARY ARCHIVES Kerala Legislative Assembly

രജിസ്റ്റർ ചെയ്ത കേസുകൾ

232 (2105) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് മോഷണം, പിടിച്ചുപറി, കവർച്ച, ഭവന ഭേദനം എന്നീയിനങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ കാലയളവിൽ മോഷണം, കവർച്ച, പിടിച്ചുപറി, ഭവന ഭേദനം എന്നിവയ്ക്കിടയിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 9-12-2014-ലെ കണക്കനുസരിച്ച്

മോഷണം	- 14797
കവർച്ച	- 2841
പിടിച്ചുപറി	- 2352
ഭവനഭേദനം	- 10432

(ബി) 74 പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

ഫോറൻസിക് ലാബിന്റെ പ്രവർത്തനം

233 (2106) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോറൻസിക് ലാബിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഫോറൻസിക് പഠനം പൂർത്തിയാക്കിയവർക്ക് പരിശീലനത്തിന് ലാബിൽ സൗകര്യം ചെയ്തുകൊടുക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരിശീലനത്തിന് എത്ര പേർക്ക് ഫോറൻസിക് ലാബിൽ സൗകര്യം ചെയ്തു കൊടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോടതി നിർദ്ദേശപ്രകാരം ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ട തൊണ്ടി മുതലുകളുടെ പരിശോധന നടക്കുന്ന സ്ഥലമായതിനാൽ കേസ് പരിശോധനയിലെ പരിശീലനം നൽകാൻ ബുദ്ധിമുട്ടുണ്ട്. ആയതിനാൽ പുറത്തുനിന്നുള്ളവരുടെ